**ശ്രീകാര്യം സെന്റ് ക്രിസ്റ്റഫർ ദേവാലയം:** തപസ്സുകാല ആചരണത്തിന്റെ ഭാഗമായി മാർച്ച് 31-ന് വർക്കല, ആറ്റിങ്ങൽ, വെന്നിക്കോട്, മാമ്പള്ളി തുടങ്ങി 14 വിശുദ്ധന്മാരുടെ നാമത്തിലുള്ള ദേവാലയങ്ങൾ സന്ദർശിച്ചു കുരിശിന്റെ വഴി നടത്താൻ ബിസിസി ഒരുക്കം നടത്തുന്നു.





**മൺവിള ലിറ്റിൽ ഫ്ളവർ ദേവാലയം:** ബിസിസി യൂണിറ്റ് യോഗങ്ങൾ നടത്തി. 31-3-2019-ൽ 14 പള്ളികളിൽ പോയി കുരിശിന്റെ വഴി നടത്തും.

**പുല്ലുകാട് അമലോത്ഭവ മാതാ ദേവാലയം:** സിസ്റ്റർ ആനിമേറ്ററും, കോർഡിനേറ്ററും ചേർന്നു ബിസിസിയിൽ വരാത്തവരുടെ ഭവനം സന്ദർശിച്ചു യൂണിറ്റിൽ വരണമെന്നും അഭ്യർത്ഥിക്കുന്നു.

**ചെറുവയ്ക്കൽ വേളാങ്കണ്ണിമാതാ ദേവാലയം:** ബിസിസി യൂണിറ്റ് പ്രാർത്ഥനായോഗങ്ങൾ നടന്നു.

**മുട്ടട ഹോളിക്രോസ് ദേവാലയം:** ബിസിസി തലത്തിൽ വീടുകളിൽ കുരിശിന്റെ വഴി നടക്കുന്നു. അനുദിന ദിവ്യബലിയിലെ പങ്കാളിത്തം വർദ്ധിപ്പിക്കാനും, വചനവായനയ്ക്കായി പുതിയ ആളുകളെ കൊണ്ടുവരുന്നതിനും വേണ്ടി, ഓരോ യൂണിറ്റിലേയും രണ്ടു കുടുംബങ്ങളെ വീതം ദിവസവും ദിവ്യബലിക്കു ക്രമീകരണം ചെയ്യാൻ ഏല്പിക്കുന്നു.

**കുശവർക്കൽ കൊച്ചുത്രേസ്യാ ദേവാലയം:** ബിസിസികളുടെ നേതൃത്വത്തിൽ രോഗിസന്ദർശനം നടത്തി, ധനസഹായം നല്കുന്നു.

**കുന്നുംപുറം നിത്യസഹായമാതാ ദേവാലയം:** ബിസിസി മീറ്റിംഗുകൾ കൃത്യമായി നടന്നു. മാതാവിന്റെ തിരുസ്വരൂപ പ്രയാണം ഭവനങ്ങളിൽ നടക്കുന്നു. ബിസിസിയിൽ വരാത്തവരുടെ ഭവനം സന്ദർശിക്കുന്നു. രോഗികൾക്ക് ചികിത്സാ സഹായമായി അൻപതിനായിരം രൂപ നല്കി. ശുശ്രൂഷാ സമിതികളുടെ പ്ലാൻ & ബജറ്റ് തയ്യാറാക്കാൻ സഹായിക്കുകയും അവരുടെ പ്രവർത്തനങ്ങൾ നിർദേശം നല്കുകയും ചെയ്തു.

**പോങ്ങുംമൂട് സെന്റ് മേരീസ് ദേവാലയം:** ലോഗോസ് ക്വിസിനു വേണ്ടി ബിസിസി തലത്തിൽ പരിശീലനം നടക്കുന്നു.

ഭവനസന്ദർശനത്തിന്റെ ഫലമായി വരാതിരുന്നവർ ബിസിസിയിലെത്തി. വചനവിചിന്തനം ചെയ്യാൻ കൂടുതൽപേർ മുന്നോട്ടുവരുന്നു.

**കുമാരപുരം വി.പത്താം പിയൂസ് ദേവാലയം:** യൂണിറ്റുകൾ സജീവമായി നടക്കുന്നു. മാർച്ച് 19-നു സെന്റ് ജോസഫ്സ് ദിനം ആഘോഷിച്ചു.

**പുഷ്പഗിരി ലിറ്റിൽ ഫ്ളവർ ദേവാലയം**: ബിസിസി യോഗങ്ങൾക്കു മുമ്പായി കുരിശിന്റെ വഴി നടത്തിയതിനുശേഷം പ്രാർത്ഥനായോഗം നടത്തുന്നു.

**പേട്ട സെന്റ് ആൻസ് ദേവാലയം:** ബിസിസിയും, ശുശ്രൂഷാ സമിതികളും പ്ലാൻ & ബജറ്റ് തയ്യാറാക്കി. തപസുകാല ആചരണ ത്തിനോടനുബന്ധമായി മാർച്ച് 11 മുതൽ 15 വരെ മുട്ടടയിലെ ദിവ്യരക്ഷകസഭാ വൈദീകർ ധ്യാനം നടത്തി. ഈ വൈദീകർ ധ്യാനത്തിനു മുൻപായി എല്ലാ ഭവനങ്ങളും സന്ദർശിച്ചിരുന്നു.

**ഫാ. മനീഷ് പീറ്റർ** **ആഗ്നസ് ബാബു**

**പാളയം ഫെറോന**

1. എക്സിക്യൂട്ടീവ് യോഗം കൂടി കഴിഞ്ഞവർഷത്തെ വിലയിരുത്തൽ, വരും വർഷത്തെ പ്ലാനും ബജറ്റും കരട് അവതരിപ്പിച്ച് ചർച്ച ചെയ്തു തീരുമാനങ്ങൾ എടുത്തു. കമ്മിഷൻ യോഗ അജണ്ട തീരുമാനിച്ചു.

2. നാലാം തീയതി അതിരൂപതയിൽ നടന്ന പദ്ധതി രൂപീകരണ സെമിനാറിൽ ഫെറോനയിൽ നിന്നുള്ള പങ്കാളിത്തം ഉറപ്പാക്കാൻ കഴിഞ്ഞു.

3. കമ്മിഷൻ യോഗത്തിൽ പ്ലാനും ബജറ്റും കരട് അവതരിപ്പിച്ചു ചർച്ച ചെയ്തു പാസാക്കി ഫെറോനയിൽ നല്കി.

4. ഫെറോനാവികാരിയുമായി രണ്ടു തവണ ആനിമേറ്റേഴ്സ് യോഗം ചേരുകയും ഫെറോനാ പ്ലാൻ ചർച്ച ചെയ്തു പാസാക്കി രൂപതയിൽ രണ്ടു കോപ്പി സമർപ്പിച്ചു.





**ഇടവകതലം**

ഒരിടവക ഒഴികെ എല്ലാ ഇടവകകളും യൂണിറ്റുയോഗവും ലീഡേഴ്സ് യോഗവും കൂടി. പ്ലാനും ബജറ്റും വിലയിരുത്തലും തയ്യാറാക്കി ഫെറോനാകേന്ദ്രത്തിൽ സമർപ്പിച്ചു.

**പാളയം കത്തീഡ്രൽ**

യൂണിറ്റു വാർഡുയോഗങ്ങൾ നടന്നു. പ്ലാനും ബജറ്റും വിലയിരുത്തലിന്റെ പിൻബലത്തിൽ തയ്യാറാക്കി ജനറൽ ബോഡി യോഗത്തിൽ അവതരിപ്പിച്ചു. മാസംതോറുമുള്ള ജനറൽബോഡി യോഗത്തിൽ വായിക്കുന്ന വചനഭാഗത്തിന്റെ വീഡിയോ അവതരിപ്പിക്കാറുണ്ട്.

**ക്രിസ്തുരാജപുരം, തൈക്കാട്, മലമുകൾ:** രണ്ടു ക്യാൻസർ രോഗികൾക്ക് വേണ്ട സഹായം നല്കുന്നു. വിളപ്പിൻശാലയിൽ കൊടുക്കാൻ യൂണിറ്റുകളിൽനിന്ന് ഭക്ഷണപ്പൊതി ആഴ്ചയിലൊരിക്കൽ ശേഖരിച്ചു വിതരണം ചെയ്യുന്നു.

നെട്ടയം, മണക്കാട് ഇടവകവൈദികർ എല്ലാ യൂണിറ്റ് യോഗങ്ങളിലും സംബന്ധിക്കുന്നു.

**കിളളിപ്പാലം:** മൂന്നാം തീയതി ഫാ.മൈക്കിൾ തോമസ് ദിവ്യബലി മദ്ധ്യേയും തുടർന്നുള്ള പൊതുയോഗത്തിലും അടുത്ത രണ്ടുവർഷത്തെ ബിസിസി ശുശ്രൂഷപ്രവർത്തനങ്ങൾക്ക് ചർച്ചയിലൂടെ ദിശാബോധം നല്കി

## വലിയതുറ ഫെറോന

ഫെറോന പ്ലാൻ & ബജറ്റ് ഇടവക പ്ലാൻ & ബജറ്റ് മാർച്ച് 9-ന് ബഹു.സൈറസ് അച്ചന്റെ നേതൃത്വത്തിൽ ഫെറോന കൺവീനേഴ്സും, ഇടവക കൺവീനേഴ്സും അവതരിപ്പിച്ചു. ഇടവക കോർഡിനേറ്റേഴ്സിനും റിസോഴ്സ് ടീമിനും ഉള്ള ഒരു ദിവസത്തെ പ്രാർത്ഥനയും ക്ലാസ്സും വില്ലാപാദുവയിൽ വച്ച് ബഹു. ലാസർ അച്ചന്റെ നേതൃത്വത്തിൽ 16-3-2019-ൽ നടന്നു. 52 പേർ പങ്കെടുത്തു. ഫെറോന ജോയിന്റ് ആനിമേറ്റേഴ്സ് യോഗം ഫെറോനവികാരി സൈറസ് അച്ചന്റെ നേതൃത്വത്തിൽ 25-3-19-ൽ ഫെറോന സെന്ററിൽ വച്ച് നടത്താൻ കഴിഞ്ഞു.

## പുല്ലുവിള ഫെറോന

പുല്ലുവിള ഫെറോന ബിസിസി കമ്മീഷൻ യോഗം 9-3-2019 ശനിയാഴ്ച 10 മണി മുതൽ 12 വരെ കൊച്ചുപള്ളി ഇടവകയിൽ വച്ചു കൂടി. വി.ലൂക്ക എഴുതിയ സുവിശേഷം 10:38-40 വരെ വായിച്ചു വിചിന്തനം ചെയ്തു. ഇടവക കോർഡിനേറ്റർ സ്വാഗതം പറഞ്ഞു. ഫെറോന കോർഡിനേറ്റർ ഫാ.നിജുവിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ രൂപത ഡയറക്ടർ ഫാ.മൈക്കിൾ തോമസ് ആദ്യം മുതൽ അവസാനം വരെ പങ്കെടുത്തും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പറഞ്ഞു. പ്രധാനമായും ചർച്ച ചെയ്തതു ഫെറോന പ്ലാൻ തയ്യാറാക്കുന്നതിനെകുറിച്ചായിരുന്നു. 7 പ്രോഗ്രാം ഫെറോനതലത്തിൽ നടത്താൻ തീരുമാനിച്ചു. ബിസിസി ലീഡർമാർക്കുളള പരിശീലനക്ലാസ്സ് ഫെറോനയിൽ എല്ലാ ഇടവകകളിലെയും കോർഡിനേറ്റർമാരും ആനിമേറ്റർമാരും പങ്കെടുത്തു.

**പുതിയതുറ:** ഇടവകയിൽ നടന്ന ഹോം മിഷന്റെ ഭാഗമായി എല്ലാ യൂണിറ്റു ഭാരവാഹികളെയും വാർഡ് ലീഡർമാരെയും കണ്ട് കുടുംബങ്ങളുടെ നിജസ്ഥിതി മനസ്സിലാക്കുകയും പോരായ്മകൾ





ആത്മീയ ഉപദേഷ്ടാക്കളുടെ സഹായത്തോടെ പരിഹരിക്കാനാ ഗ്രഹിച്ചു. കെസിവൈഎം ന്റെ നേതൃത്വത്തിൽ പരീക്ഷ ഒരുക്ക ധ്യാനം നടത്തി.

**പരുത്തിയൂർ:** എല്ലാ യൂണിറ്റുകളും കൃത്യമായി യോഗം കൂടുന്നു. ജനറൽബോഡി കൂടി നോമ്പു കാലത്തിന്റെ പ്രാധാന്യത്തെകുറിച്ചു ഇടവകവികാരി ജനങ്ങളെ ബോധ്യപ്പെടുത്തി.

**കരിച്ചൽ:** ഇടവകയിലെ 3 യൂണിറ്റുകളും സജീവമായി പ്രവർത്തിക്കുന്നു. പ്രവർത്തനങ്ങൾ സജീവമാക്കുന്നതിനും കമ്മ്യൂണിറ്റികളെ 3 യൂണിറ്റുകളാക്കി.

**നമ്പ്യാതി:** ഈ വർഷം മുതൽ 5 യൂണിറ്റുകളെ 7 യൂണിറ്റുകളാക്കി. എല്ലാ യൂണിറ്റുയോഗങ്ങളിൽ ആനിമേറ്ററും കോർഡിനേറ്ററും പങ്കെടുക്കുന്നു.

**കരിങ്കുളം:** ജനറൽബോഡിയോഗം കൂടി. ഞായറാഴ്ച ദിവ്യബലിക്കു നേതൃത്വം നല്കുന്ന യൂണിറ്റു തന്നെ ആഴ്ചയിലെ എല്ലാ ദിവസവും വായന, പളളി പരിസരം വൃത്തിയാക്കൽ നടത്തുന്നതിന് തീരുമാനിച്ചു. വിദ്യാഭ്യാസ സമിതിയുടെ നേതൃത്വത്തിൽ പരീക്ഷ ഒരുക്ക ധ്യാനം നടത്തി.

**കൊച്ചുപളളി:** ലീഡർമാരുടെ യോഗം കൂടി. എല്ലാ മാസവും യൂണിറ്റ് യോഗങ്ങൾ നിർബന്ധമായും കൂടുന്നതിനും അംഗങ്ങളുടെ പങ്കാളിത്തം കൂടുന്നതിനും തീരുമാനിച്ചു. പളളിതിരുനാളിനോടനു ബന്ധിച്ചു കുട്ടികളുടെ ആദ്യകുർബാന സ്വീകരണവും സ്ഥൈര്യലേപനവും നടത്തുവാൻ തീരുമാനിച്ചു. ഇടവകയിലെ 5 യൂണിറ്റുകളും യോഗം കൂടി.

ഫെറോന സെക്രട്ടറി എല്ലാവർക്കും നന്ദി പറഞ്ഞു. പ്രാർത്ഥനയും സമാപന ആശീർവാദത്തിനുശേഷം യോഗം 12.30-ന് സമാപിച്ചു.

| | |
|---|---|
| **ഫാ.നിജു** | **മേരികുട്ടി** |
| കോഓർഡിനേറ്റർ | ആനിമേറ്റർ |

# അജപാലനശുശ്രൂഷ

## അഞ്ചുതെങ്ങ് ഫെറോന

ഫെറോന അജപാലന ശുശ്രൂഷസമിതിയുടെ ജനറൽ ബോഡി യോഗം 10-3-2019 ഞായറാഴ്ച 2 മണിക്ക് ഫെറോന സെന്ററിൽ വച്ചു സംഘടിപ്പിച്ചു. പ്രസ്തുത യോഗത്തിൽ അതിരൂപതാ അജപാലന ഡയറക്ടർ റവ.ഫാ.ലോറൻസ് കുലാസ് അജപാലന ശുശ്രൂഷ കൺവീനർമാരുടെ പ്രവർത്തനമേഖലകൾ എന്നിവയെക്കുറിച്ചു ക്ലാസ്സ് എടുത്തു. ഫെറോനയിലെ വിവിധ ഇടവകകളിൽ നിന്നും 85 പേർ പങ്കെടുത്തു. തുടർന്നു ഫെറോന എക്സിക്യൂട്ടിവിനെ തെരഞ്ഞെടുത്തു.

## പുതുക്കുറിച്ചി ഫെറോന

ഫെറോനതലത്തിൽ പ്ലാൻ & ബഡ്ജറ്റ് വൈദിക കോഡിനേറ്ററായ ഡേവിഡ്സൺ അച്ചന്റെ അദ്ധ്യക്ഷതയിൽ സമിതി അംഗങ്ങൾ തയ്യാറാക്കി.

## പാളയം ഫെറോന

മാർച്ച് 3-ാം തീയതി മതബോധനസമിതിയുടെ നേതൃത്വത്തിൽ റവ.ഫാ.മുത്തപ്പൻ അപ്പോളി 2019-21 വർഷത്തേയ്ക്കുള്ള എക്സിക്യൂട്ടീവ് അംഗങ്ങളെ തെരഞ്ഞെടുത്തു. മതബോധന രണ്ടാം സെമസ്റ്റർ പരീക്ഷയുടെ ചർച്ച നടത്തി. വിഎഫ്എഫ് കുറിച്ച് ചർച്ച ചെയ്തു. പ്ലാൻ & ബജറ്റിന്റെ കരടു തയ്യാറാക്കി.

## വലിയതുറ ഫെറോന

മാർച്ച് 3-ാം തീയതി അജപാലനശുശ്രൂഷയുടെ പ്ലാൻ &





ബജറ്റ് വൈദിക കോഡിനേറ്ററായ ഫാ.മെൽക്കോൺ അച്ചന്റെ അദ്ധ്യക്ഷതയിൽ സമിതി അംഗങ്ങൾ തയ്യാറാക്കി. 13-ാം തീയതി ജനറൽബോഡി യോഗം കോഡിനേറ്റർ അച്ചന്റെ അദ്ധ്യക്ഷതയിൽ കൂടുകയും എക്സിക്യൂട്ടീവ് അംഗങ്ങളെ തെരഞ്ഞെടുത്തു. വരുംവർഷത്തെ പ്ലാൻ & ബജറ്റ് അവതരിപ്പിയ്ക്കുകയും ചെയ്തു.

## കോവളം ഫെറോന

ഫെറോനതലത്തിൽ അജപാലന ശുശ്രൂഷ തലത്തിലുള്ള കൺവീനർമാർക്കുള്ള പൊതുയോഗം പൂന്തുറ ഇടവകയിൽവച്ച് സംഘടിപ്പിക്കുകയുണ്ടായി. യോഗത്തിൽ 12 ഇടവകയിൽ നിന്നും പങ്കാളിത്തമുണ്ടായിരുന്നു.

കക്കാമൂല ഇടവകയിൽ ബൈബിൾ സ്റ്റഡി നടത്തിവരുന്നു. ഇതിനോടനുബന്ധിച്ച് ബൈബിൾക്വിസ് സംഘടിപ്പിച്ചു. വിജയികളായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നല്കി ആചരിച്ചു.

എല്ലാ ഇടവകയിലും നോമ്പ്കാലത്തോടനുബന്ധിച്ച് മുന്നൊരുക്കങ്ങൾ നടത്തണമെന്നും പ്രാർത്ഥന, ഉപവാസം, ദാനധർമ്മം എന്നിവയുടെ പ്രാധാന്യം ഉൾക്കൊണ്ടുള്ള ബൈബിൾ ക്ലാസ്സുകൾ സംഘടിപ്പിക്കാനും തീരുമാനിച്ചു.

**ഫാ.ജോൺബോസ്കോ** **ഷൈജ ആന്റണി**

## പുല്ലുവിള ഫെറോന

10-3-2019 ശനിയാഴ്ച 10 മണി മുതൽ 1 മണി വരെ പുല്ലുവിള ഫെറോന അജപാലനശുശ്രൂഷ സമിതി അംഗങ്ങൾക്ക് ഇടവക/ഫെറോനതല പ്ലാൻ & ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള ക്ലാസ്സ് കമ്മിഷതലത്തിൽ വിശദീകരിച്ചുകൊണ്ട് കോർഡിനേറ്റർ ഫാ.അഗസ്റ്റിൻ ജോണിന്റെ നേതൃത്വത്തിൽ നല്കി. 9 ഗ്രൂപ്പുകളായി

കമ്മിഷൻ തലത്തിൽ അംഗങ്ങളെ തിരിച്ചുകൊണ്ട് അവരുടെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയാണ് 2019-20 വർഷത്തെ പ്ലാൻ & ബഡ്ജറ്റ് തയ്യാറാക്കിയത്.

## തൂത്തൂർ ഫെറോന

ഫെറോനസമിതി യോഗം 10-3-19-ൽ കോഡിനേറ്റർ ബിനു അച്ചന്റെ അദ്ധ്യക്ഷതയിൽ നടന്നു. യോഗത്തിൽ 39 പേർ പങ്കെടുത്തു എക്സിക്യൂട്ടീവ് തെരഞ്ഞെടുത്തു. അജപാലന സമിതി പ്രവർത്തനങ്ങളെക്കുറിച്ചു ക്ലാസ്സ് എടുത്തു. രോഗികൾക്ക് വേണ്ടി ഒരു ആരാധന നടത്തുവാൻ തീരുമാനിച്ചു. പ്ലാൻ & ബജറ്റ് തയ്യാറാക്കി. ഇടവകതലത്തിൽ പൂത്തുറൈയിൽ ബൈബിൾ ക്വിസ് മത്സരം നടത്തി സമ്മാനം നല്കി. മതബോധന ടീച്ചേഴ്സിന് ബൈബിൾ ക്ലാസ് നടത്തുന്നു. നീരോടിയിലും അധ്യാപകർക്ക് ബൈബിൾ ക്ലാസ് നടത്തുന്നു.





# കുടുംബപ്രേഷിത ശുശ്രൂഷ

**സർട്ടിഫിക്കറ്റ് കൗൺസിലിംഗ് കോഴ്സ് നാലാം ബാച്ച്**

തിരുവനന്തപുരം അതിരൂപതയിൽ കുടുംബശുശ്രൂഷയുടെ കീഴിൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റിന്റെ സർട്ടിഫിക്കറ്റ് ലഭിക്കുന്ന ആറുമാസം നീണ്ടുനിൽക്കുന്ന കൗൺസിലിംഗ് t l mgk nsâ \ me meas¯ _ m¨ nsâ amÀ¨ vamk s¯ ¢ mÊ p- l Ä 2, 9, 16, 30 X db Xn¢ f nÂ \ S¶ p. 28 t] À ] s¦ Sp¯ p¶ ¢ mÊ nÂ ^ m.B ³ {U ck y^ m.F U nk ³ ,^ m.F B ÀtPm¶ , {i a. t b i pZmk vHf nh À F ¶ nh À ¢ mÊ p¯ Ä \ b¨ p.

**കൗൺസിലിംഗ്**

വിവിധ ഇടവകകളിൽ നിന്നും വന്ന 250 പേർക്ക് പ്രശ്നപരിഹാരത്തിന് നിർദ്ദേശം നൽകാൻ സാധിച്ചു.

അതിരൂപതാ കേന്ദ്രമാക്കി ആരംഭിച്ചിട്ടുള്ള കൗൺസിലിംഗ് സെന്റർ കുടുംബ പ്രേഷിത ശുശ്രൂഷ ഓഫീസിൽ പ്രവർത്തിച്ചു വരുന്നു. **9400101044** എന്ന നമ്പരിൽ മുൻകൂട്ടി വിളിച്ച് രജിസ്റ്റർ ചെയ്തുവരുന്ന എല്ലാവർക്കും കൗൺസിലിംഗ് സൗകര്യം ഒരുക്കിക്കൊടുക്കുന്നു. എല്ലാ ഫെറോനകളിലെയും തിരഞ്ഞെടുക്കപ്പെട്ട സെന്ററുകളിലും കൗൺസിലിംഗ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

**സാന്ത്വനം മംഗല്യം**

സാന്ത്വനം മംഗല്യത്തിനായി ഈ മാസം 3 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അന്വേഷണ വിധേയമാക്കിയതിനു ശേഷം 2 യുവതികൾക്ക് ധനസഹായം നൽകുവാൻ സാധിച്ചു.

**ഫെറോന ആനിമേറ്റേഴ്സ് യോഗം**

കുടുംബപ്രേഷിത ശുശ്രൂഷയിലെ ഫെറോന കോർഡിനേറ്റർമാരുടെ യോഗം 12-ാം തീയതി കൂടുകയുണ്ടായി. ഫാ. എ ആർ ജോണിന്റെ അധ്യക്ഷതയിൽ കൂടുയ യോഗം രാവിലെ 10 മണിക്ക്

പ്രാരംഭ പ്രാർത്ഥനയോടെ ആരംഭിച്ചു.

ഫെറോനതല പ്രവർത്തനങ്ങളെക്കുറിച്ചും ഫെറോന പ്ലാൻ& ബഡ്ജറ്റ്, രൂപതയിലെ പ്ലാൻ & ബഡ്ജറ്റ്, വരും മാസങ്ങളിലെ പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു. ഫെറോനാ കോർഡിനേറ്റർ- ഫാ. ലൂസിയാൻസ് തോമസ്, ഫാ. ആൻഡ്രൂസ് IV Dei, ഫാ. ജോണി പുത്തൻവീട്ടിൽ IV Dei, ഫാ. ജോസഫ് ബാസ്റ്റിൻ, ഫാ. ലോറൻസ് ലൂക്കാസ്, ഫാ. ജീസൻ താന്നിക്കോട്ട് OSJ, ഫാ. ഡേവിഡ് എടക്കളത്തൂർ SAC, ഫാ. ജെറാൾഡ് സാവിയോ, ഫാ. രജീഷ് വി രാജൻ എന്നിവർ പങ്കെടുത്ത യോഗം സമാപന പ്രാർത്ഥനയോടെ സമാപിച്ചു.

**ഫെറോന ആനിമേറ്റേഴ്സ് & കൺവിനേഴ്സ് യോഗം**

കുടുംബപ്രേഷിത ശുശ്രൂഷയിലെ ഫെറോന ആനിമേറ്റർമാരുടെ ഈ മാസത്തിലെ യോഗം 23-ാം തീയതി കൂടുകയുണ്ടായി. ഫാ. എ ആർ ജോണിന്റെ പ്രാരംഭപ്രാർത്ഥനയോടുകൂടി ആരംഭിച്ചു.

ഓരോരുത്തരും തങ്ങളുടെ ഫെറോനയിൽ നടക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കി. രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങളെ തിരഞ്ഞെടുത്തു. ഫാമിലി ഫോർ ക്രൈസ്റ്റ്, പ്രോലൈഫ് എന്നീ ഫോറങ്ങൾ രൂപതാ തലത്തിൽ അവതരിപ്പിക്കുന്നതിനു വേണ്ടി 30ന് നടക്കുന്ന പഠനശിബിരത്തിൽ അവരവരുടെ ഉത്തരവാദിത്തങ്ങളെക്കുറിച്ച് വിശദമാക്കി.

തുടർന്ന് റവ. സി. മേരി ഫൗസ്റ്റീനയുടെ പ്രാർത്ഥനയോടെ യോഗം സമാപിച്ചു.

**കുടുംബ പ്രേഷിത ശുശ്രൂഷയ്ക്ക് പുതിയ കാര്യാലയം**

21/3/2019 ന് കുടുംബപ്രേഷിത ശുശ്രൂഷയുടെ പുതിയ കാര്യാലയത്തിന്റെ ആശീർവാദകർമ്മം അഭിവന്ദ്യസൂസപാക്യം പിതാവും കാര്യാലയത്തോടൊപ്പം നിലകൊള്ളുന്ന വി. ജിയന്ന ഹാളിന്റെ ഉത്ഘാടനം അതിരൂപത സഹായമെത്രാൻ ക്രിസ്തുദാസ് പിതാവും പൊതുസമ്മേളനം ഡോ. ജോർജ് ഓണക്കൂറും ഉത്ഘാടനം ചെയ്തു. പുതിയ കാര്യാലയത്തിൽ ലാറ്റിൻ മാട്രിമോണിയൽ (മാര്യേജ് ബ്യൂറോ) ഓഫീസും പ്രീ മാര്യേജ് കോഴ്സിന്റെ സെന്ററും ആധുനിക രീതിയിൽ രൂപകൽപന ചെയ്ത കൗൺസിലിംഗ് സെന്ററും, വിവിധ ഫോറങ്ങളുടെ ഓഫീസും പ്രവർത്തിക്കും.





തുടർന്ന് പൊതുസമ്മേളനത്തിന് ഡയറക്ടർ ഫാ. എ ആർ ജോൺ ഏവരെയും സ്വാഗതം ചെയ്തു. ഓഖി ദുരന്തത്തിലകപ്പെട്ട് കടലിൽ നിന്ന് തിരികെ വരികയും എന്നാൽ തുടർന്നുള്ള ജീവിതത്തിൽ ജോലിക്ക് പോകാൻ കഴിയാതെ വിഷമിക്കുകയും ചെയ്യുന്ന കുടുംബങ്ങൾക്കും, ഏവരാലും തിരസ്ക്കരിക്കപ്പെട്ട് വിവിധ കാരണങ്ങളാൽ ഏകസ്ഥജീവിതം നയിക്കുന്ന അവശർക്കുമുള്ള പെൻഷൻ വിതരണം അഭിവന്ദ്യമെത്രാപോലീത്തയും കേന്ദ്ര കേരള സർക്കാരിന്റെ അംഗീകാരത്തോടെയുള്ള കൗൺസിലിംഗ് സർട്ടിഫിക്കറ്റ് കോഴ്സിന്റെ രണ്ടാം ബാച്ചിന്റെ സർട്ടിഫിക്കറ്റ് വിതരണം സഹായമെത്രാനും നിർവഹിച്ചു.

കുടുംബപ്രേഷിത ശുശ്രൂഷ അസി. ഡയറക്ടർ രജീഷ് വി രാജൻ സന്നിഹിതനായിരുന്ന പൊതുസമ്മേളനത്തിൽ വോളന്റിയർ ശ്രീ. സ്റ്റീഫൻ റൂബൻ ഏവർക്കും കൃതജ്ഞത രേഖപ്പെടുത്തി.

**ഫാമിലി ഫോർ ക്രൈസ്റ്റ് & വിധവ ഫോറം രൂപതാതല ഉത്ഘാടനം**

പ്രോലൈഫ്, ഫാമിലി ഫോർ ക്രൈസ്റ്റ് എന്നിവയെക്കുറിച്ചു പ്രശസ്തർ നയിക്കുന്ന പഠനശിബിരം മാർച്ച് 30-ാം തീയതി രാവിലെ 10 മണിമുതൽ 4 മണിവരെ വെള്ളയമ്പലം ലിറ്റിൽ ഫ്ളവർ പാരീഷ് ഹാളിൽ സംഘടിപ്പിച്ചു. കുടുംബശുശ്രൂഷാ പ്രവർത്തനങ്ങൾക്ക് ഇടവകതലത്തിൽ നേതൃത്വം നൽകുന്ന കുടുംബപ്രേഷിത കൺവീനർമാർ, ഇടവക സിസ്റ്റർ ആനിമേറ്റർമാർ, റിസോഴ്സ് ടീം

അംഗം എന്നിവർ പങ്കെടുത്തു

പഠനശിബിരത്തിൽ പ്രോലൈഫ് ഇന്നിന്റെ പ്രസക്തി എന്ന വിഷയത്തെക്കുറിച്ച് ശ്രി. ജോർജ് എഫ് സേവ്യറും(സ്റ്റേറ്റ് ആനിമേറ്റർ, പ്രോലൈഫ്-കെസിബിസി) ഫാമിലി ഫോർ ക്രൈസ്റ്റ് എന്ന വിഷയത്തെക്കുറിച്ച് ശ്രീ. അനിൽ ജയിംസും ഡോ. ഹെലൻ (സി. എഫ്. സി. തിരുവനന്തപുരം ചാപ്റ്റർ സെർവന്റ് ലീഡ്ഴ്സ്) എന്നിവർ ക്ലാസ്സുകൾ നയിച്ചു.

പ്രോലൈഫ്, ഫാമിലി ഫോർ ക്രൈസ്റ്റ് എന്നീഫോറങ്ങളുടെ ഉത്ഘാടനം അഭിവന്ദ്യ സൂസപാക്യം പിതാവ് നിർവ്വഹിച്ചു.

**വിവാഹ ഒരുക്കസെമിനാർ**

2019 മാർച്ച് 11, 12, 13 തീയതികളിൽ നടന്ന കോഴ്സിൽ 57 പെൺകുട്ടികളും 44 ആൺകുട്ടികളും 019 മാർച്ച് 22, 223, 24 തീയതികൾ നടന്ന ക്ലാസ്സിൽ 47 പെൺകുട്ടികളും 44 ആൺകുട്ടികളും പങ്കെടുത്തു. ഇവരെ ഗ്രൂപ്പുകളായിതിരിച്ച് ആനുകാലിക പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. എല്ലാവരും സജീവമായി പങ്കെടുത്തു.

**വിവാഹ ഒരുക്കസെമിനാർ**

2019 ഏപ്രിൽ 8 9 10

2019 ഏപ്രിൽ 26 27 28

**വിവാഹ ഒരുക്കസെമിനാർ www.latinmatrimonial.com എന്ന വെബ്സൈറ്റിൽ ഓൺ ലൈൻ രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്.**

**മാര്യേജ് ബ്യൂറോ**

വെബ്സൈറ്റിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലമായി നടക്കുന്നു. എന്നവിവാഹ ബ്യൂറോയുടെ ഈ മാസത്തിൽ മാര്യേജ് ബ്യൂറോയിൽ 30 വ്യക്തികളുടെ പേര് രജിസ്റ്റർ ചെയ്തു. മാര്യേജ് ബ്യൂറോ ഓൺ ലൈൻ രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. രജിസ്ട്രേഷൻ ചെയ്യേണ്ട വെബ്സൈറ്റ് www.latinmatrimonial.com





**ഫെറോന തല പ്രവർത്തനങ്ങൾ**

**പുതുക്കുറിച്ചി ഫെറോന**

ഫെറോന എക്സിക്യുട്ടീവ് യോഗം ഈ മാസം 10-ാം തീയതി ഞായറാഴ്ച കൂടുകയുണ്ടായി. കുടുംബപ്രേഷിത ശുശ്രൂഷയുടെ കൺവീനറായി ജനൽബോഡി യോഗം 24-ാം തീയതി ഞായറാഴ്ച ഫാത്തിമപുരം ഇടവകയിൽ കൂടി. പുതുക്കുറിച്ചി കുടുംബപ്രേഷിത ശുശ്രൂഷ ഫെറോനകൺവീനറായി ശ്രീ. ജസ്റ്റസ് ഫെർണാണ്ടസിനെ തിരഞ്ഞെടുത്തു.

അതിരൂപതയിൽ നിന്നെത്തിയ സി. തങ്കമ്മ, ശ്രീ. സതീഷ് എന്നിവരോടൊപ്പം പുതുക്കുറിച്ചി ആനിമേറ്റർ സി. ഷൈനി, സി. മേരി ഹെലൻ എന്നിവർ ചേർന്ന് 30 ഏകസ്തരുടെ ഭവനങ്ങൾ സന്ദർശിച്ചു.

**വലിയ തുറ ഫെറോന**

12-ാം തീയതി ഫെറോന എക്യിക്യൂട്ടിവ് യോഗം കോർഡിന്റർ ഫാ. ജോസഫ് ബാസ്റ്റിന്റെ അധ്യക്ഷതയിൽ കൂടുകയുണ്ടായി. ഓരോ ഇടവകയിൽ നിന്നും പ്ലാൻ&ബഡ്ജറ്റ് അവതരിപ്പിക്കുകയും വിശദമാക്കുകയും ചെയ്തു.

ബധിരരും മൂകരുമായവരുടെ വിവരശേഖരണം നടന്നു വരുന്നു.

**പേട്ട ഫെറോന**

10/3/2019 ഞായറാഴ്ച കുമാരപുരത്ത് വച്ച് ഫെറോന കോർഡിനേറ്റർ ഫാ. ജെറാൾഡ് സാവിയോയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പുതിയ ഫെറോന എക്സിക്യൂട്ടീവ് അംഗ

ങ്ങളെ തിരഞ്ഞെടുക്കുയും പഴയ ഭാരവാഹികൾ സ്ഥാനം കൈമാറുകയും ചെയ്തു. ഫെറോന കൺവീനറായി ശ്രീ. ലൂർദ്ദൻ ആന്റണി (പേട്ട)യെയും ഫെറോന സെക്രട്ടറിയായി ശ്രീ. ജോസഫ് പാക്യം( മൺവിള)യെയും തിരഞ്ഞെടുത്തു.

എല്ലാ ഇടവകകളിലെയും പ്ലാൻ&ബഡ്ജറ്റ് അവതരിപ്പിക്കുകയും ചർച്ച ചെയ്യുകയും ചെയ്തു. ഫെറോന പ്ലാൻ&ബഡ്ജറ്റ് കോർഡിനേറ്റർ അവതരിപ്പിക്കുകയും വിശദമാക്കുകയും ചെയ്തു.

ഫെറോന പ്ലാൻ & ബഡ്ജറ്റ് 12-ാം തീയതി ഫെറോന കോർഡിനേറ്റർമാരുടെ യോഗത്തിൽ അവതരിപ്പിച്ചു.

**പാളയം ഫെറോന**

എക്സിക്യൂട്ടീവ് യോഗം മൂന്നു പ്രാവശ്യം കൂടി. പ്ലാനും ബജറ്റും മുൻവർഷ പ്രവർത്തന വിലയിരുത്തലും തയ്യാറാക്കാൻ വേണ്ട സഹായം എല്ലാ ഇടവകകൾക്കും നല്കി. ഫെറോന മുൻവർഷ പ്രവർത്തനം വിലയിരുത്തി. ഈ വർഷത്തെ പ്രധാന ഊന്നലുകൾ വ്യക്തമാക്കിയുള്ള ഫെറോന പ്ലാനും ബജറ്റും തയ്യാറാക്കി ഫെറോനയിൽ നല്കി. ഫെറോന പാസാക്കിയതിന്റെ കോപ്പി രൂപതയ്ക്കു നല്കി.

ജനറൽ ബോഡി യോഗം ചേർന്നു. വിധവകളുടെ ലിറ്റ് എല്ലാ യൂണിറ്റുകളിൽ നിന്നും ശേഖരിക്കുന്നതിനുള്ള ഫാറം വിതരണം ചെയ്തു. ശേഖരണം നടന്നുകൊണ്ടിരിക്കുന്നു.

മാധ്യമ വിമുക്ത മണിക്കൂർ കുടുംബപ്രാർത്ഥനയും കുടുംബബന്ധവും മെച്ചമാക്കാനായി യൂണിറ്റുതലങ്ങളിൽ എത്തിക്കാൻ ശ്രമം തുടരുന്നു. ഓഖി ദുരിതർ, സാന്ത്വനമംഗല്യം, കരുണാമയൻ എന്നീ പദ്ധതികൾ എല്ലാ യൂണിറ്റുതലങ്ങളിൽ ചർച്ചയാക്കാൻ വേണ്ട തുടക്കം കുറിച്ചു.





വിവാഹ ഒരുക്ക സെമിനാർ, വിവാഹ ബ്യാറോയുടെ പ്രവർത്തനങ്ങൾ കൗൺസിലിംഗ് സൗകര്യങ്ങൾ എന്നിവ വ്യക്തമാക്കിക്കൊണ്ടിരിക്കുന്നു

ദമ്പതി സംഗമം പത്തുവർഷത്തിനുള്ളിൽ ഉള്ളവർ പത്തുവർഷത്തിനു മുകളിലുള്ളവർ എന്നിങ്ങനെ നടത്താൻ ഇടവകകളെ പ്രേരിപ്പിച്ചു.

# യുവജന ശുശ്രൂഷ

1. എല്ലാ ഫെറോനകളിലും ഫെറോനസമിതി കൂടി പ്ലാൻ & ബജറ്റ് തയ്യാറാക്കി

2. സർവ്വേ പാളയം ഫെറോനയിൽ കുടപ്പനക്കുന്ന് പേരൂർക്കട ഒഴികെ മറ്റെല്ലാ ഇടവകളിലും സർവ്വേ പൂർത്തിയാക്കി.

3. ജനറൽബോഡി യോഗം

ഫെബ്രുവരി 2-ാം തീയതി പാളയം ഇടവകയിൽ വച്ച് രൂപതസമിതി അംഗങ്ങളുടെ നേതൃത്വത്തിൽ യൂത്ത്മിനിസ്ട്രിയുടെ ജനറൽബോഡി യോഗം നടന്നു. കാച്ചാണി ഇടവകയിൽ ഫെറോന എക്സിക്യൂട്ടീവ് അംഗങ്ങളും രൂപത സമിതി അംഗങ്ങളും അവേക്കിനെക്കുറിച്ച് ചർച്ച ചെയ്തു.

പുല്ലുവിള ഫെറോനയിൽ എല്ലാ ഇടവകയിലും കെ.സി.വൈ.എം ന്റെ യോഗം കൂടുകയും ഇടവകയുവജന പ്രവർത്തനങ്ങളെക്കുറിച്ചുള്ള ചർച്ചയും നടത്തി.

തൂത്തൂർ ഫെറോനയിൽ യുവജനശുശ്രൂഷ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി യുവജനങ്ങളെ യൂത്ത് മിനിസ്ട്രിയിൽ കൂടുതൽ പേരെ അംഗങ്ങളാക്കാൻ യൂണിറ്റ് അടിസ്ഥാനത്തിൽ സന്ദർശനം നടത്തിവരുന്നു.

യുവജനങ്ങളുടെ നേതൃത്വത്തിൽ പുല്ലുവിള ഫെറോനയിലും വലിയതുറ ഫെറോനയിലും പരിഹാര ശ്ലീവപാത നടത്തുന്നതിനുള്ള ക്രമീകരണം നടന്നുവരുന്നു.

അഞ്ചുതെങ്ങ് ഫെറോനയിൽ

യുവജനശുശ്രൂഷസമിതി അംഗങ്ങൾക്ക് യുവജനശുശ്രൂഷ തല പ്രവർത്തനങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം സംഘടിപ്പിച്ചു.

കോവളം ഫെറോനയിൽ പൂന്തുറ, പാലപ്പൂർ എന്നീ





ഇടവകകളിൽ എസ്എസ്എൽസി, +2 വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് യുവജനശുശ്രൂഷ സമിതിയുടെ നേതൃത്വത്തിൽ പരീക്ഷ ഭയം കൂടാതെ നിർഭയം എങ്ങനെ എഴുതാം എന്നതിന്മേൽ ക്ലാസ്സ് സംഘടിപ്പിച്ചു.

# വിദ്യാഭ്യാസശുശ്രൂഷ

## രൂപതാതലം

**ഫെറോന സമിതി:** 9 ഫെറോനകളിലും ഫെറോനസമിതി കൂടി 2020-21 വർഷത്തെ പ്ലാൻ & ബഡ്ജറ്റ് തയ്യാറാക്കുകയും 2019-20 വർഷത്തെ വിലയിരുത്തൽ നടത്തുകയും ചെയ്തു.

**ജനറൽബോഡി അംഗങ്ങൾക്ക് ബോധനൽക്കരണക്ലാസ്സ്:** കോവളം, കഴക്കൂട്ടം, പുല്ലുവിള, വലിയതുറ എന്നീ ഫെറോനകളിൽ എല്ലാ ഇടവകകളുടെയും വിദ്യാഭ്യാസശുശ്രൂഷ സമിതിയുടെ വാർഡ് പ്രതിനിധികൾക്ക് രൂപതാ അസിസ്റ്റന്റ് ഡയറക്ടർ റവ.ഫാ.രജിഷ് രാജൻ, ശ്രീ.തദ്ദേവൂസ് എന്നിവരുടെ നേതൃത്വത്തിൽ ഈ വർഷം ഊന്നൽ നല്കേണ്ട പ്രവർത്തനങ്ങൾ ഇടവക/ഫെറോനതല പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള ഇതരപ്രവർത്തന ങ്ങൾ എന്നിവയെക്കുറിച്ച് ക്ലാസ്സ് സംഘടിപ്പിച്ചു.

**തുടർ പരിപാടികൾ**

**നൈറ്റ്സ്റ്റഡി:** പുല്ലുവിള ഫെറോന (പുല്ലുവിള, കരുകുളം, പൂവാർ, പുതിയതുറ) കോവളം ഫെറോന (വിഴിഞ്ഞം, പൂന്തുറ)

**സിവിൽ സർവ്വീസ് ഫൗണ്ടേഷൻ പരിശീലനം:** പുല്ലുവിള ഫെറോനയിൽ നളന്ദ സിവിൽ സർവ്വീസ് ഫൗണ്ടേഷൻ പരിശീലനം നടന്നുവരുന്നു.

**ഡിഫൻസ് പരിശീലനം:** പുല്ലുവിള ഫെറോനയിൽ രൂപതതലത്തിൽ തൂത്തൂർ ഫെറോന ഒഴികെ മറ്റു ഫെറോനകളിലും ഡിഫൻസ്





പരിശീലനം നടന്നുവരുന്നു.

**പി എസ് സി പരിശീലനം:** വലിയതുറ ഫെറോനയിൽ വലിയവേളി ഇടവകയിലും പുല്ലുവിള ഫെറോനതലത്തിലും നമ്പ്യാതി ഇടവകയിലും കോവളം ഫെറോനയിൽ പെരിങ്ങമല ഇടവകയിലും നടന്നുവരുന്നു.

**കെ.റ്റെറ്റ് പരിശീലനം:** പാളയം ഫെറോനതലത്തിൽ മൂന്നാമത്തെ ബാച്ചിന് തുടക്കം കുറിച്ചു.

**മോട്ടിവേഷൻ & വ്യക്തിത്വ വികസനം:** കോവളം ഫെറോനയിൽ പാലപ്പൂർ, പൂങ്കുളം, നെല്ലിയോട്, പൂന്തുറ, പെരിങ്ങമല എന്നീ ഇടവകളിൽ എച്ച് എസ് വിഭാഗത്തിൽ ഈ ക്ലാസ്സുകൾ സംഘടിപ്പിച്ചു.

**പ്ലാൻ & ബജറ്റ്:** ഇടവക/ഫെറോനതലത്തിൽ പ്ലാൻ & ബജറ്റ് പൂർത്തിയാക്കി.

# സാമൂഹ്യശുശ്രൂഷ

**നീതി സമാധാന വികസന കമ്മീഷൻ:**

ഫെറോനകളിൽ സാമൂഹ്യശുശ്രൂഷാസമിതി ഫെറോന എക്സി.യോഗങ്ങൾ നടന്നു. പ്ലാൻ & ബഡ്ജറ്റിന്റെ കരട് തയ്യാറാക്കി. പാളയം, വലിയതുറ, പേട്ട, കഴക്കൂട്ടം ഫെറോനകളിൽ ഫെറോന ജനറൽ ബോഡി അംഗങ്ങൾക്ക് പ്ലാൻ & ബജറ്റ് തയ്യാറാക്കുന്നതിനെക്കുറിച്ചും സാമൂഹ്യശുശ്രൂഷയിലെ വിവിധ കമ്മീഷനുകളെക്കുറിച്ചുമുള്ള വ്യക്തത രൂപതാ ഡയറക്ടർ ഫാ. ലെനിൻരാജ് നല്കി.

ഫെറോനപ്രവർത്തകരുടെ പ്രതിമാസ യോഗം 6/6 ഫെറോനയിലും നടന്നു.

സാമൂഹ്യശുശ്രൂഷാ സമിതി ഇടവകതലയോഗങ്ങൾ എല്ലാ ഫെറോനകളിലും നടന്നു.

**അടിസ്ഥാന സൗകര്യ വികസനം**

കഴക്കൂട്ടം ഫെറോനയിൽ പരിശോധന പൂർത്തിയാക്കിയ 11 ഭവനങ്ങളിൽ ടോയ്‌ലറ്റുകൾ നിർമ്മിക്കുന്നതിന് ആദ്യഗഡു തുക 8000 രൂപ വീതം 88000 രൂപ ഗുണഭോക്താക്കൾക്ക് നല്കി.

**സ്വയം സഹായസംഘങ്ങൾ:** ഫെറോന എസ്.എച്ച്.ജി ഫെഡറേഷൻ യോഗങ്ങൾ നടന്നു. രൂപതാതലത്തിലും ഫെറോനതലങ്ങളിലും വനിതാദിനാഘോഷ പരിപാടിയിൽ ഒരു വനിതയെ ആദരിക്കുകയും ഒരു ക്യാൻസർ രോഗിക്ക് 5000 രൂപ ധനസഹായം നല്കുകയും ചെയ്തു.

പാളയം ഫെറോന മാർച്ച് 10-ന് സാമൂഹ്യശുശ്രൂഷയും അല്മായ ശുശ്രൂഷയും സംയുക്തമായി വനിതാദിനം ആഘോഷിച്ചു, ശ്രീ.ശശിതരൂർ എം.പി ഉദ്ഘാടനം നിർവഹിച്ച പരിപാടിയിൽ എല്ലാ ഇടവകയിൽ നിന്നും ഒരു വനിതയെ വീതം മൊമെന്റോ നല്കി ആദരിച്ചു. കോവളം ഫെറോനയിൽ മദ്യത്തിനെതിരായി വനിതകളുടെ നേതൃത്വത്തിൽ റാലി സംഘടിപ്പിച്ചു. പുല്ലുവിള ഫെരോന കൊല്ലംങ്കോട്, പരുത്തിയൂർ, കരുംകുളം, നമ്പ്യാതി ഇടവകകളിൽ ദിനാചരണം നടത്തി. പേട്ട ഫെറോനയിൽ എസ്എച്ച്ജി-ലെ ഒരു നിർദ്ധന രോഗിക്ക് 1500 രൂപ ധനസഹായം നല്കി..

എസ് എ എഫ് പി, കാരുണ്യപൂർവ്വം പദ്ധതിയുടെ ഗുണഭോക്താക്കളുടെ ഭവനസന്ദർശനം, സ്വയം തൊഴിൽ പുരോഗതി വിലയിരുത്തൽ, ക്യാഷ് പിൻവലിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നു. കാരുണ്യപൂർവ്വം പദ്ധതിയിസ് കഴക്കൂട്ടം-2, പാളയം-1, പേട്ട-2 എന്നീ ക്രമത്തിൽ പുതിയ കുടുംബങ്ങളെ തിരഞ്ഞെടുത്തു.

**തൊഴിൽകാര്യ കമ്മീഷൻ**

കെ.എൽ.എം ഫെറോനതലയോഗങ്ങൾ, ഇടവകതലയോഗങ്ങൾ എന്നിവ ക്രമപ്രകാരം നടന്നു. 17, 23 എന്നീ തീയതികളിൽ കോവളം 350, പേട്ട 50 അംഗങ്ങൾക്ക് 150 പാളയം 60 അംഗങ്ങൾക്ക് 200 എന്നീ ക്രമത്തിൽ കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തു.

കോവളം ഫെറോനയിൽ കാക്കാമൂല ഇടവകയിൽ പുതിയ കെഎൽഎം യൂണിറ്റ് രൂപീകരിച്ചു. പുല്ലുവിള ഫെറോനയിൽ കൊല്ലംങ്കോട്, പരുത്തിയൂർ ഇടവകകളിൽ പുതിയ തയ്യൽ തൊഴിലാളി ഫോറം, പൂവാർ ഇടവകയിൽ വാഹനതൊഴിലാളി ഫോറം രൂപീകരിച്ചു. അഞ്ചുതെങ്ങ് ഫെറോന അഞ്ചുതെങ്ങ് ഇടവകയിൽ മോട്ടോർവാഹന തൊഴിലാളി ഫോറം യോഗം ഫാ.ജോൺഡാളിന്റെ നേതൃത്വത്തിൽ നടന്നു.

**ആരോഗ്യകാര്യ കമ്മീഷൻ**

പാളയം ഫെറോനയിൽ 2/3-ൽ തൈക്കാട് ഇടവകയിൽ വയോമിത്രം ക്യാമ്പ് 24/3-ൽ കുടപ്പനക്കുന്ന് ഇടവകയിൽ ജൂബിലി ഹോസ്പിറ്റലിന്റെ സഹായത്തോടെ സൗജന്യ ജനറൽമെഡിക്കൽ ക്യാമ്പ് എന്നിവ നടത്തി. 120, 144 എന്നീ ക്രമത്തിൽ അംഗങ്ങൾ പങ്കെടുത്തു.

കഴക്കൂട്ടം ഫെറോന ഒരു കിടപ്പുരോഗിക്ക് 1000 രൂപയും ഒരു ക്യാൻസർ രോഗിക്ക് 5000 രൂപയും ധനസഹായം നല്കി.

വലിയതുറ ഫെറോന ചെറുവെട്ടുകാട് ഇടവകയിൽ ജനറൽ മെഡിക്കൽ ക്യാമ്പ്, പാലിയേറ്റീവ് വിസിറ്റ്, വയോമിത്രം ക്യാമ്പ്, ഭവനസന്ദർശനം എന്നിവ നടത്തി. കോവളം ഫെറോനയിൽ ഭിന്നശേഷിയുള്ള കുട്ടികളുടെ അമ്മമാരുടെ എസ്എച്ച്ജി യോഗം കൂടി. ഫെറോനകളിൽ ഭിന്നശേഷിയുള്ള കുട്ടികളുടെ സക്സസ് സ്റ്റോറി, ഭവനസന്ദർശനം എന്നിവയും നടത്തി.

**സ്ത്രീകളും കുട്ടികളും**

വലിയതുറ ഫെറോനയിൽ 4/4 ചൈൽഡ് പാർലമെന്റ് യോഗങ്ങൾ നടന്നു. രൂപതയിൽ നിന്നും ലഭിച്ച കളിക്കോപ്പുകൾ 4 സെന്ററുകളിലും വിതരണം ചെയ്തു.

പാളയം ഫെറോന 6/8 യോഗങ്ങൾ നടന്നു. കിള്ളിപ്പാലം, പൂഴിക്കുന്ന് നടന്നില്ല. ഇടവകകളിൽ ലഹരിയുടെ ദൂഷ്യവശങ്ങൾ, ഹൗ ടു ഫെയ്സ് എക്സാം, ഇന്റർനെറ്റിന്റെ ദൂഷ്യങ്ങൾ എന്നിവയെക്കുറിച്ച് ക്ലാസ് നല്കി. 24/2-ൽ മലമുകൾ ഇടവകാചൈൽഡ് പാർലമെന്റ് കുട്ടികളെ അതിരൂപതാ മെത്രാൻ അഭിവന്ദ്യ സൂസൈപാക്യം പിതാവ് കാണുകയും ഓരോ മന്ത്രിമാരോടും അവരവരുടെ പ്രവർത്തനങ്ങൾ ചോദിച്ച്





മനസ്സിലാക്കുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു.

കഴക്കൂട്ടം ഫെറോനയിൽ കൊയ്ത്തൂർക്കോണം ഇടവകയിൽ പുതിയ ചൈൽഡ് പാർലമെന്റ് രൂപീകരിച്ചു. കോവളം ഫെറോനയിൽ സപ്ലിമെന്ററി നേഴ്സറി കുട്ടികൾക്ക് ആനുവൽഡേ സെലിബ്രേഷൻ നടത്തി.

**പ്രവാസികാര്യ കമ്മീഷൻ**

അഞ്ചുതെങ്ങ്, കോവളം, പേട്ട, പാളയം ഫെറോനകളിൽ ഇടവകകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട പ്രവാസി പ്രതിനിധികൾക്കും കൺവീനർമാർക്കുമായി പ്രവാസിക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ക്ലാസ് രൂപതാ എക്സി. സെക്രട്ടറി ഫാ.ജോൺഡാൾ, ശ്രീ.ലയോള ഇഗ്നേഷ്യസ് എന്നിവർ നല്കി.

**മദ്യവിരുദ്ധ പ്രവർത്തനങ്ങൾ**

16, 23, 30 തീയതികളിൽ കോവളം, വലിയതുറ, അഞ്ചുതെങ്ങ് ഫെറോനകളിൽ മുക്തിധ്യാനത്തിൽ പങ്കെടുത്ത അംഗങ്ങളുടെ കുടുംബസംഗമം നടത്തി. റവ.ഫാ.ജോൺ ഡാൾ 'ലഹരി വർജ്ജിത കുടുംബം' എന്ന വിഷയത്തിൽ ബോധവൽക്കരണം നല്കി. ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്ന അംഗങ്ങളെ പൊന്നാട അറിയിച്ചു ആദരിച്ചു. അസി. ഡയറക്ടർ റവ.ഫാ. ഡോണി.ഡി പോൾ, കോർഡിനേറ്റർ സിസ്റ്റർ ജിൻസ എന്നിവർ സന്നിഹിതരായിരുന്നു.

പാളയം ഫെറോന വെള്ളയമ്പലം ഇടവകയിലെ മതബോധന വിദ്യാർത്ഥികൾക്കും മാതാപിതാക്കൾക്കുമായി ലഹരി രഹിത ഭവനം സുന്ദരഭവനം എന്ന ആശയം ഉൾക്കൊണ്ടുകൊണ്ട് ഫാ.ഡോണി.ഡി പോളിന്റെ നേതൃത്വത്തിൽ സ്റ്റിക്കർ ക്യാപയിൻ സംഘടിപ്പിച്ചു.

പരിസ്ഥിതി പ്രവർത്തനങ്ങൾ

ഊർജ്ജ സംരക്ഷണം, ജലസംരക്ഷണം എന്നീ വിഷയത്തിൽ അഞ്ചുതെങ്ങ് ഫെറോനയിൽ കുടുംബശ്രീയുടെ സഹായത്തോടെ ബോധവൽക്കരണ ക്ലാസ് നല്കി. 120 അംഗങ്ങൾ പങ്കെടുത്തു.

**ഫാ.ലെനിൻരാജ്** — **രമ്യ ജോസ്**

രൂപതാ ഡയറക്ടർ — ആനിമേറ്റർ





# അൽമായശുശ്രൂഷ

**അല്മായ ശുശ്രൂഷ ഇടവകതല പ്രവർത്തനങ്ങൾ**

പുല്ലുവിള, വെട്ടുകാട് എന്നീ ഇടവകകളിൽ ഇടവക വികാരിമാരുടെയും കൺവീനർമാരുടെയും സാന്നിധ്യത്തിൽ അല്മായ ശുശ്രൂഷ പ്രവർത്തനങ്ങളെക്കുറിച്ച് രൂപത ഡയറക്ടർ റവ.ഫാ. ടോണി ഹാംലറ്റ്, രൂപത കോഡിനേറ്റർ ശ്രീ. ജോണി. സി, KLCWA ഭാരവാഹികളായ ശ്രീമതി. ഷേർളി ജോണി, ശ്രീമതി. മേരിപുഷ്പം എന്നിവർ ക്ലാസുകൾ നൽകിയിരുന്നു.

**അല്മായ ശുശ്രൂഷ ഫെറോനതല പ്രവർത്തനങ്ങൾ**

മാർച്ച് മാസം 3-ാം തിയതി ഉച്ചയ്ക്ക് 2.30 ന് കോവളം ഫെറോന അല്മായ ശുശ്രൂഷ ജനറൽ ബോഡി യോഗം കോവളം ഫെറോന സെന്ററിൽ വച്ച് ഫെറോന കോഡിനേറ്റർ റവ. ഫാ.ബീഡ് മനോജിന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. പ്രസ്തുത യോഗത്തിൽ അല്മായ ശുശ്രൂഷ പ്രവർത്തനങ്ങളെക്കുറിച്ച് ഫെറോന വികാരി റവ. ഫാ. ബെബിൻസൻ ക്ലാസ് നൽകുകയുണ്ടായി. അതിനുശേഷം അല്മായ ശുശ്രൂഷ രൂപത കോഡിനേറ്റർ ശ്രീ. ജോണി .സി ഫെറോന സമിതി രൂപീകരിക്കുന്നതിന് നേതൃത്വം നൽകുകയുണ്ടായി.

**KLCWA അതിരൂപത പ്രവർത്തനങ്ങൾ**

2018 മാർച്ച് 8 അന്താരാഷ്ട്ര വനിതാ ദിനമായതിനാൽ അന്നേദിവസം രാവിലെ 10 മണി മുതൽ 2 മണിവരെ വെള്ളയമ്പലം ലിറ്റിൽ ഫ്ളവർ ഹാളിൽ വച്ച് KLCWA യുടെ നേതൃത്വത്തിൽ അതിരൂപതയിലെ ശുശ്രൂഷകളായ സാമൂഹ്യ ശുശ്രൂഷ, മത്സ്യത്തൊഴിലാളി ശുശ്രൂഷ എന്നിവയിലെ വനിതാ സംഘടനകളായ SHG , മത്സ്യവിപണ സ്ത്രീ ഫോറം എന്നിവയെക്കൂടി കൂട്ടിയോജിപ്പിച്ചുകൊണ്ട് സ്ത്രീ അന്നും ഇന്നും പൊതു സമൂഹത്തിലും രാഷ്ട്രീയത്തിലും എന്ന വിഷയത്തെക്കുറിച്ച് ഒരു സെമിനാറ് സംഘടിപ്പിക്കുകയും തുടർന്ന് വനിതാ ദിനാഘോഷവും കലാപരിപാടികളും

നടത്തിയിരുന്നു. കൂടാതെ സ്ത്രീ സംഘടനകളിൽ മികച്ച പ്രവർത്തനങ്ങൾ നടത്തിയ സ്ത്രീകളെ ആദരിക്കുകയും ചെയ്തു. പ്രസ്തുത പരിപാടിയിൽ ശ്രീമതി. ഷേർളി ജോണി അദ്ധ്യക്ഷത വഹിക്കുകയും ടൂറിസം സഹകരണ വകുപ്പ് മന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ ഉത്ഘാടനം നിർവ്വഹിക്കുകയും, അതിരൂപത സഹായ മെത്രാൻ റവ.ഡോ. ആർ. ക്രിസ്തുദാസ് പിതാവ് അനുഗ്രഹ പ്രഭാഷണം നടത്തുകയും, ശ്രീമതി. മേരിപുഷ്പം, ശ്രീമതി മേഗി ലൂയിസ്, ശ്രീമതി. ഡോളി ഫ്രാൻസിസ്, ശ്രീ. പാട്രിക് മൈക്കിൾ എന്നിവർ ആശംസകളർപ്പിക്കുകയും ചെയ്തു.

**DCMS അതിരൂപത പ്രവർത്തനങ്ങൾ**

ദലിത് ക്രൈസ്തവ അംഗങ്ങൾക്ക് ഭവന സഹായ പദ്ധതിയുടെ ഭാഗമായി നൽകി വരുന്ന 1,2,3 ഗഡു ചെക്കുകൾ പരുത്തിക്കുഴി ഇടവകയിലെ അംഗങ്ങളായ ഗ്രെയ്സി . സി, ഫ്രാൻസിസ്, ചെങ്കോട്ടുകോണം ഇടവകയിലെ സൂസന്ന, ഞാണ്ടൂർകോണം ഇടവകയിലെ അനിൽകുമാർ, കുടപ്പനകുന്ന് ഇടവകയിലെ ഗ്രെയ്സി .ജെ എന്നിവർക്ക് അതിരൂപത ഡയറക്ടറിന്റെ നിർദ്ദേശപ്രകാരം അതിരൂപത അൽമായ ശുശ്രൂഷ കോഡിനേറ്റർ വിതരണം ചെയ്തു.

**അതിരൂപത രാഷ്ട്രീയകാര്യ സമിതി യോഗം**

2019 മാർച്ച്മാസം 8-ാം തിയതി രാവിലെ 10 മണിയ്ക്ക് ബിഷപ്പ്ഹൗസ് കോൺഫറൻസ് ഹാളിൽ വച്ച് അതിരൂപത സഹായ മെത്രാൻ റവ. ഡോ. ആർ.ക്രിസ്തുദാസിന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. പ്രസ്തുത യോഗത്തിൽ മോൺ. മാരായ റവ. ഫാ്. ജെയിംസ് കൂലാസ്, റവ. ഫാ. യൂജിൻ.എച്ച് പെരേര, ശ്രീമതി. ഷേർളി ജോണി, ശ്രീമതി. സെലിൻ നെൽസൻ, ശ്രീ. പാട്രിക് മൈക്കിൾ, ശ്രീ. എം.എ. ഫ്രാൻസിസ്, ശ്രീ. റൈമണ്ട്, ശ്രീ. ജോസ് മെസ്മിൻ, ശ്രീ. ജോണി. സി. എന്നിവർ പങ്കെടുത്തിരുന്നു. പ്രസ്തുത യോഗത്തിൽ ലോകസഭാ തിരഞ്ഞെടുപ്പിൽ അതിരൂപത കൈകൊള്ളേണ്ട കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും അതിൻപ്രകാരം Meet the cantidates programme സംഘടിപ്പിക്കുവാനും കൂടാതെ





പൊതുമേഖലാ സ്ഥാപനമായ വിമാനത്താവളം സ്വാകര്യ മേഖലയ്ക്ക് കൊടുക്കുന്നതുവഴി ഉണ്ടാകാവുന്ന ഭവിഷത്തുകളെക്കുറിച്ച് വാർത്താക്കുറിപ്പ് കൊടുക്കുവാനും യോഗം തീരുമാനിച്ചു.

**മറ്റ് പ്രവർത്തനങ്ങൾ**

അതിരൂപതാ പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ അൽമായ ശുശ്രൂഷയെ പ്രതിനിതീകരിച്ച് അല്മായ ശുശ്രൂഷ ഡയറക്ടർ റവ. ഫാ. ടോണി ഹാംലറ്റ് ബഡ്ജറ്റ് അവതരിപ്പിച്ചു. കൂടാതെ അതിരൂപത സാമുധായിക സംഘടനകളായ KLCA, KLCWA, DCMS എന്നിവയുടെ യോഗങ്ങൾ കൂടുകയും ചെയ്തു.

**റവ. ഫാ. ടോണി ഹാംലറ്റ്**

അതിരൂപത അല്മായ ശുശ്രൂഷ ഡയറക്ടർ

## മത്സ്യമേഖല ശുശ്രൂഷ

**മത്സ്യമേഖല സമിതി ഉദ്ഘാടനം**

മത്സ്യത്തൊഴിലാളികളുടെ സമഗ്രമായ വളർച്ചയും വികസനവും എന്ന ലക്ഷ്യത്തോടെ ആരംഭിച്ച മത്സ്യമേഖല ശുശ്രൂഷാസമിതിയുടെ ഉദ്ഘാടനം 2-3-2019 ശനിയാഴ്ച ഉച്ചയ്ക്കുശേഷം 3 മണിക്ക് വെള്ളയമ്പലം റ്റിഎസ്എസ്എസ് ഓഫീസിൽ സെന്റ് ആന്റണീസ് ഹാളിൽ വച്ച് അതിരൂപത മെത്രാപൊലീത്ത റവ.ഡോ.എം.സൂസൈപാക്യം പിതാവ് നിർവ്വഹിച്ചു. സാമൂഹ്യശുശ്രൂഷാ ഡയറക്ടർ റവ.ഫാ.ലെനിൻരാജ് ആശംസകളർപ്പിക്കുകയും മത്സ്യമേഖല ശുശ്രൂഷാസമിതി ഡയറക്ടർ റവ.ഫാ.ഷാജിൻ ജോസ് ഇതിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും പ്ലാൻ & ബജറ്റ് തയ്യാറാക്കുന്നതിനെ ക്കുറിച്ചും അംഗങ്ങൾക്ക് അവബോധം നല്കുകയും ചെയ്തു. ആറ് ഫെറോനയിൽ നിന്നും 250 അംഗങ്ങളുടെ പങ്കാളിത്തം ഉണ്ടായിരുന്നു.

**ഫെറോന യോഗം:** 9,17,20,24 എന്നീ തീയതികളിൽ പുതുക്കുറിച്ചി, പുല്ലുവിള, കോവളം, വലിയതുറ എന്നീ ഫെറോനകളിൽ അതാത് ഫെറോന കോർഡിനേറ്റർ അച്ചന്മാരുടെ സാന്നിദ്ധ്യത്തിൽ മീറ്റിംഗ് കൂടി. ഫെറോനാ പ്ലാൻ & ബജറ്റ് തയ്യാറാക്കി.

ഇടവകതലയോഗങ്ങൾ: അഞ്ചുതെങ്ങ് 4/6, പുതുക്കുറിച്ചി 10/11, വലിയതുറ 6/8 കോവളം 1/3 പുല്ലുവിള 9/9, തൂത്തൂർ 2/8 എന്നീ ക്രമത്തിൽ സമിതിയോഗങ്ങൾ കൂടുകയും ഫെറോനാ ആനിമേറ്റർ പ്ലാൻ & ബജറ്റ് തയ്യാറാക്കാൻ ഭാരവാഹികളെ സഹായിച്ചു. മണ്ണെണ്ണ പ്രശ്നം, മത്സ്യക്കച്ചവട സ്ത്രീകൾക്കുള്ള ക്യാമ്പിൽ പെർമിനന്റെ പാര് എന്നിവയെക്കുറിച്ച് യോഗങ്ങളിൽ ചർച്ച ചെയ്യുകയും സബ്സിഡിയോടുകൂടി നീല മണ്ണെണ്ണ ലഭിക്കുന്നതിനുവേണ്ടി കുടപ്പനക്കുന്നിലെ ജില്ലാ സിവിൽ സപ്ലൈ ഓഫീസർക്കും മ്യൂസിയം





സിവിൽ സപ്ലൈ ഓഫീസിലും കോവളം ഫെറോനയുടെ നേതൃത്വത്തിൽ മെമ്മോറാണ്ടം നല്കി.

**റ്റിഎംഎഫ്**

**രൂപതാതലയോഗം:** 23-ാം തീയതി രൂപതാ മീറ്റിംഗ് കൂടി. മണ്ണെണ്ണ പെർമിറ്റിനെക്കുറിച്ചും കടലിൽ കല്ലിടുന്നതിനെക്കുറിച്ചും ചർച്ച ചെയ്തു.

**ഫെറോനാ യോഗം:** 24-ാം തീയതി വലിയതുറ ഫെറോനയിൽ ഫെറോനാ യോഗം കൂടി.

**യൂണിറ്റ് യോഗങ്ങൾ: അഞ്ചുതെങ്ങ്** -1, പുതുക്കുറിച്ചി 4/4, വലിയതുറ 1/4, പുല്ലുവിള 3/8 തൂത്തൂർ -1 എന്നീ ക്രമത്തിൽ യൂണിറ്റ് യോഗങ്ങൾ നടന്നു. ചെറിയതുറ ഇടവകയിൽ റ്റിഎംഎഫ് അംഗങ്ങൾക്ക് 10,00,000 രൂപയും കൊച്ചുതോപ്പ് ഇടവകയിൽ ഒരു എസ്എച്ച്ജിയ്ക്ക് 5,00,000 രൂപയും വായ്പ നല്കി.

**മത്സ്യക്കച്ചവട സ്ത്രീഫോറം**

**ഫെറോനായോഗം:** തൂത്തൂർ-3, പുല്ലുവിള -10 കോവളം 24 വലിയതുറ 10 പുതുക്കുറിച്ചി 24 അഞ്ചുതെങ്ങ് 19 എന്നീ തീയതികളിൽ ആറു ഫെറോനകളിലും ഫെറോനായോഗങ്ങൾ നടന്നു.

**യൂണിറ്റ് യോഗങ്ങൾ**: തൂത്തൂർ 8/8 പുല്ലുവിള 7/7 കോവളം 4/4 വലിയതുറ 8/8 പുതുക്കുറിച്ചി 8/8 അഞ്ചുതെങ്ങ് 14/15 എന്നീ ക്രമത്തിൽ യോഗങ്ങൾ കൂടി. രാത്രിക്കച്ചവടം പൂർണ്ണമായും നിർത്തുന്നതിനെക്കുറിച്ചും യോഗങ്ങളിൽ ചർച്ച നടത്തി. 2005 മുതൽ 2008 വരെ എടുത്തിട്ടുള്ള വിവിധ ആവശ്യങ്ങൾക്കു വേണ്ടിയുള്ള വായ്പ എഴുതി തള്ളുന്നതിന്റെ ഭാഗമായി കടാശ്വാസ കമ്മീഷനിൽ അപേക്ഷ സമർപ്പിക്കാൻ യോഗങ്ങളിൽ പറഞ്ഞു.

വായ്പവിതരണം: തൂത്തൂർ 64 അംഗങ്ങൾക്ക് 7,29000 രൂപയും പുല്ലുവിള 4 അംഗങ്ങൾക്ക് 70,000 രൂപയും കോവളം 4 അംഗങ്ങൾക്ക്

80000 രൂപയും വലിയതുറ 15 അംഗങ്ങൾക്ക് 3,10,000 രൂപയും വായ്പ നല്കി.

**ബോധവൽക്കരണ ക്ലാസ്സ്:** കോവളം ഫെറോനയിൽ കടൽസുരക്ഷ, വള്ളം രജിസ്ട്രേഷൻ, സാഗർ ആപ്, ലൈഫ് ജാക്കറ്റ് എന്നീ വിഷയങ്ങളെക്കുറിച്ചും 24-ാം തിയതി പുതുക്കുറിച്ചി ഫെറോനയിൽ മത്സ്യക്കച്ചവട സ്ത്രീകൾക്ക് ആരോഗ്യസുരക്ഷ എന്നീ വിഷയങ്ങളെക്കുറിച്ചും ക്ലാസ് നല്കി.

**കടൽക്ഷോഭം:** 18-ാം തീയതി ഉണ്ടായ കടൽക്ഷോഭത്തിൽ വലിയതുറ ഇടവകയിൽ 7 വീട് പൂർണ്ണമായും 7 വീട് ഭാഗീകമായും നഷ്ടപ്പെട്ടു. ഫെറോനാസമിതി അംഗങ്ങൾ വിസിറ്റ് ചെയ്ത് വിവരങ്ങൾ ശേഖരിക്കുകയും രൂപതാ ദുരന്തനിവാരണ സമിതി അംഗങ്ങൾ ഈ ഭവനങ്ങൾ വിസിറ്റ് ചെയ്യുകയും ചെയ്തു.

സൗദി അറേബ്യയിൽ മത്സ്യബന്ധനത്തിനു പോയി ഇറാൻ ജയിലിൽ അകപ്പെട്ട തൂത്തൂർ ഫെറോനയിലെ ശ്രീമാൻ സഹായ പീറ്റർ, ശ്രീമാൻ അമുദം കാർമ്മൽ, ശ്രീമാൻ ..... എന്നിവരെ രൂപതാ ഫിഷറീസ് മിനിസ്ട്രി ഡയറക്ടർ ഫാ. ഷാജിൻ ജോസ് Forein Afairs External Committee Chairman Dr. Shashi Tharoor Mp വഴി നിരന്തരം ഇടപെടുകയും 3 പേരെയും ജയിൽ മോചിതരാക്കുകയും ചെയ്തു.

**റവ. ഫാ. ഷാജിൻ ജോസ്**

അതിരൂപത ഡയറക്ടർ







**അതിരൂപത അദ്ധ്യക്ഷൻ പ്രത്യാശയുടെ ദാസിമാർക്ക് സഭാവസ്ത്രം നല്കി സഭയിലേക്ക് സ്വീകരിച്ചു**